LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക സ്ഥലത്ത് കെട്ടിടനിർമ്മാണത്തിനുള്ള തടസ്സം

56 [2806] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക സ്ഥലത്ത് കെട്ടിടനിർമ്മാണത്തിനുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽത്തന്നെ പണി പൂർത്തിയാക ത്തക്ക വിധത്തിൽ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക സ്ഥലത്ത് ചുറ്റുവേലി കെട്ടിയപ്പോൾ തൊട്ടടുത്തുള്ള വസ്തു ഉടമയോടൊപ്പം ഒരുസംഘം ആളുകൾ എത്തി തടയുകയും പണി പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്തു. തുടർന്ന് ഇപ്പോൾ ഒ.എസ്. 18/2005-ഉം, ഒ.എസ്. 20/2005-ഉം, നമ്പറുകൾ പ്രകാരം കൊല്ലം ജില്ലാ കോടതി 'സ്റ്റാറ്റസ്കോ' തുടരണമെന്ന് ഉത്തരവായിരിക്കു ന്നു. ആയതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നു.

(ബി) നിയമപരമായ തടസ്സം നീക്കുന്നതിനും കേസ് നടത്തിപ്പിനും വേണ്ട നടപടികൾ ചെയ്തുവരുന്നു.

(സി) കോടതിയുടെ പരിഗണനയിലുള്ള സിവിൽ നടപടിക്രമമായതിനാൽ കോടതി നടപടികൾ തീർന്നതിനുശേഷമേ നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളു.

സെൻട്രലൈസ്ഡ് പർച്ചേസിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ സാധനങ്ങൾ

57 [2807] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 1 മുതൽ 2004 സെപ്റ്റംബർ 1 വരെയുള്ള 9 മാസങ്ങളിൽ ഹെഡ് ഓഫീസ്വഴിയുള്ള സെൻട്രലൈസ്ഡ് പർച്ചേസിലൂടെ സിവിൽ സപ്ലൈസ്